**A** **GI 512**

# അർദ്ധവാർഷിക മൂല്യനിർണയം 2017–18

## മലയാളം

ക്ലാസ്സ് – 5 | അടിസ്ഥാന പാഠാവലി | സമയം – 2 മണിക്കൂർ

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. *ആറു പ്രവർത്തനങ്ങളാണ് മൂല്യനിർണയത്തിനായി നൽകിയിട്ടുള്ളത്. അതിൽ അഞ്ചെണ്ണത്തിനാണ് ഉത്തരമെഴുതേണ്ടത്. (കുട്ടി ആറെണ്ണത്തിനും ഉത്തരമെഴുതിയാൽ മികച്ച സ്കോർ ലഭിച്ച അഞ്ചെണ്ണം മാത്രം ഓവറോൾ ഗ്രേഡിന് പരിഗണിക്കണം.)*
2. *വിലയിരുത്തൽ സൂചകങ്ങൾക്കു നൽകിയിരിക്കുന്ന സ്കോർ അനുസരിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.*
3. *ഓരോ പ്രവർത്തനത്തിനും ലഭിക്കുന്ന 5,4,3,2,1 പോയിന്റ് പരിഗണിച്ച് യഥാക്രമം a, b, c, d, e ഗ്രേഡുകൾ നൽകേണ്ടതാണ്.*
4. *ഉത്തരക്കടലാസിൽ ഗ്രേഡാണ് രേഖപ്പെടുത്തേണ്ടത്.*
5. *ഓരോ പ്രവർത്തനത്തിനും ലഭിച്ച ഗ്രേഡുകൾ പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗപ്പെടുത്തി വിഷയത്തിനുള്ള ഓവറോൾ ഗ്രേഡ് A, B, C, D, E നൽകണം.*

---

**പ്രവർത്തനം – 1 ജീവചരിത്രക്കുറിപ്പ്**

**പഠനനേട്ടം**

*പ്രശസ്ത വ്യക്തികളുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ, ഇടപെടൽ മേഖലകൾ, നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തി ആകർഷകമായ ഭാഷയിൽ ജീവചരിത്രക്കുറിപ്പു തയാറാക്കുന്നു.*

- വ്യക്തിയുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രസക്ത ഭാഗങ്ങൾ ഉചിതമായി രേഖപ്പെടുത്തിയിട്ടുണ്ട്. (2)
- സ്വന്തം വിലയിരുത്തലും അഭിപ്രായങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. (1)
- തുടക്കം, ഒടുക്കം എന്നിവ ആകർഷകവും അനുയോജ്യവുമാണ്. (1)
- ഭാഷാപരമായ ഭംഗി (വാക്യ വൈവിധ്യം, തുടക്കം, ഒടുക്കം സ്വന്തമായ ശൈലി, ഉചിതമായപ്രയോഗം) ഉണ്ട്. (1)

**പ്രവർത്തനം – 2 കഥ പൂർത്തിയാക്കൽ**

**പഠനനേട്ടം**

*വ്യത്യസ്ത അനുഭവങ്ങൾ വെളിവാകുന്ന രചനകൾ വായിച്ചും വിവരങ്ങൾ ശേഖരിച്ചും സർഗാത്മക രചനകളിൽ ഏർപ്പെടുന്നു.*

- വിഷയം / സന്ദർഭവുമായി ബന്ധപ്പെട്ട നിലപാടുകളും ആശയങ്ങളും ശക്തമായി പ്രതിപാദിച്ചിട്ടുണ്ട്. (1)
- ആകർഷകവും ജിജ്ഞാസ ജനിപ്പിക്കുന്നതുമായ ആഖ്യാന രീതി പാലിച്ചിട്ടുണ്ട്. (1)
- കഥാപാത്രസൃഷ്ടി, കഥാവസ്തു എന്നിവ ഭാവാത്മകമായി അവതരിപ്പിച്ചിട്ടുണ്ട്. (1)
- ഉചിതമായ ശീർഷകം ഉണ്ട്. (1)

- കഥാരചനയുടെ സവിശേഷതകൾ (തുടക്കം, ഒടുക്കം, ബിംബങ്ങൾ, പ്രയോഗങ്ങൾ) പാലിച്ചിട്ടുണ്ട്. (1)

**പ്രവർത്തനം - 3 ഉപന്യാസം**

പഠനനേട്ടം

***വ്യത്യസ്ത അനുഭവങ്ങൾ വെളിവാകുന്ന രചനകൾ വായിച്ച് ഉപന്യാസം തയാറാക്കുന്നു.***

- വിഷയവുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. (2)
- ആശയങ്ങളും നിലപാടുകളും ശക്തമായി വായനക്കാരിലെത്തിക്കാൻ അനുയോജ്യമായ ഭാഷ (ഘടന, സവിശേഷപ്രയോഗങ്ങൾ, ശൈലി) പ്രയോഗിച്ചിട്ടുണ്ട്. (1)
- പ്രശ്നവുമായി ബന്ധപ്പെട്ട് സ്വന്തം നിരീക്ഷണങ്ങളും നിലപാടുകളും യുക്തിഭദ്രമായി ഉദാഹരണ സഹിതം സ്ഥാപിച്ചിട്ടുണ്ട്. (2)

**പ്രവർത്തനം - 4 ആസ്വാദനക്കുറിപ്പ്**

പഠനനേട്ടം

***കവിതകൾ വായിച്ച് ആശയം, ഭാഷാപരമായ പ്രത്യേകതകൾ എന്നിവ കണ്ടെത്തി അനുയോജ്യമായ ഭാഷയിൽ ആസ്വാദനക്കുറിപ്പു തയാറാക്കുന്നു.***

- സവിശേഷ പ്രയോഗങ്ങൾ സൗന്ദര്യാംശങ്ങൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്. (1)
- ഉചിതമായ ഭാഷ, പ്രയോഗങ്ങൾ, ഉദാഹരണങ്ങൾ എന്നിവ ഉപയോഗിച്ചിട്ടുണ്ട് (1)
- കവിതയിലെ ആശയങ്ങൾ വിശദീകരിച്ചിട്ടുണ്ട്. (1)
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (1)
- ആശയ വ്യക്തതയോടെ എഴുതിയിട്ടുണ്ട്. (1)

**പ്രവർത്തനം - 5 പ്രസംഗം**

പഠനനേട്ടം

***സാമൂഹികപരിവർത്തനത്തിനു വേണ്ടി പ്രവർത്തിക്കുകയും ത്യാഗമനുഷ്ഠിക്കുകയും ചെയ്ത വ്യക്തികളുടെ അനുഭവങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ, ആത്മകഥാ ഭാഗങ്ങൾ എന്നിവ വായിച്ച് സ്വാംശീകരിക്കുകയും, ചർച്ചകൾ, പ്രസംഗം, സംവാദം എന്നിവയിലൂടെ അവതരിപ്പിക്കുകയും ചെയ്യുന്നു.***

1. ഗാന്ധിജിയെക്കുറിച്ച് പരമാവധി കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. (2)
2. കേൾക്കുന്ന ആൾക്ക് താല്പര്യവും ആകാംഷയും ഉണർത്തുന്ന ഭാഷാപ്രയോഗങ്ങൾ. (1)
3. സ്വന്തം നിരീക്ഷണങ്ങളും അഭിപ്രായങ്ങളും (1)
4. സമകാലിക പ്രസക്തി. (1)

**പ്രവർത്തനം - 6 കുറിപ്പു തയാറാക്കുക**

പഠനനേട്ടം

***ഭാഷാശേഷി, സവിശേഷ പ്രയോഗങ്ങൾ എന്നിവ ഉൾപ്പെടുത്തി കാര്യകാരണ ബന്ധത്തോടെ സംഭവങ്ങൾ ക്രമീകരിച്ച് ആകർഷകമായ ഭാഷയിൽ എഴുതുന്നു.***

1. ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് കാക്കാരിശ്ശി നാടകത്തെ കുറിച്ച് വിവരിച്ചിട്ടുണ്ട്. (2)
2. അനുയോജ്യമായ ഭാഷാഘടനാ, സവിശേഷ പ്രയോഗങ്ങൾ, ശൈലി എന്നിവ പ്രയോഗിച്ചിട്ടുണ്ട്. (2)
3. സംക്ഷിപ്തമായി പ്രതിപാദിച്ചിട്ടുണ്ട് (1)